# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2092 — 11.03.2020 ലെ മറുപടിക്ക്

## കയർ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഷാനിമോൾ ഉസ്മാൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) തൊണ്ട് സംഭരണവും ചകിരി നിർമ്മാണവും ഏറ്റെടുക്കുന്നതിന് നാളികേര ഉല്പാദക കമ്പിനികളെ പ്രോത്സാഹിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ; | എ) കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന രണ്ടാം പുന:സംഘടന സ്കീം പ്രകാരം ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നാളികേര ഉൽപ്പാദക കമ്പനികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കയർ വികസന വകുപ്പിനുകീഴിലുള്ള വിവിധ പ്രോജക്ട് ഓഫീസുകളുടെ കീഴിൽ കേരോൽപ്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി കയർ പ്രോജക്ടിനു കീഴിൽ 7 കേരോൽപ്പാദക സംഘങ്ങൾ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് തയ്യാറായിട്ടുണ്ട്. കൊല്ലം കയർ പ്രോജക്ടിൽ കേരോൽപ്പാദക സംഘമായ കൈപ്പുഴ കോക്കനട്ട് പ്രോഡ്യൂസിംഗ് കമ്പനിയിൽ ചകിരി മില്ല് സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് കയർ പ്രോജക്ടിനു കീഴിൽ കേരോൽപ്പാദന കമ്പനികളിൽ 2 ചകിരി മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കായംകുളം പ്രോജക്ടിന്റെ പരിധിയിൽ ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ നേതൃത്തിൽ ഒരു ചകിരി മില്ല് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി മില്ല് സ്ഥാപിക്കുന്ന കാര്യത്തിൽ കേരോൽപ്പാദക സംഘങ്ങൾ താൽപ്പര്യപൂർവ്വം മുന്നോട്ടുവരുന്നില്ല. ആയതിനാൽ ഇവയുടെ ആഭിമുഖ്യത്തിൽ കൂടുതൽ മില്ലുകൾ ആരംഭിക്കാനായിട്ടില്ല. |

| | |
|---|---|
| ബി) തൊണ്ട് ശേഖരിക്കുന്നതിനും ചകിരി നിർമ്മിക്കുന്നതിനും കുടുംബശ്രീ സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | ബി) കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന രണ്ടാം പുന:സംഘടന സ്കീം ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ കണ്ണൂർ പ്രോജക്ട് ഓഫീസിനു കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്ട് ഓഫീസിനു കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ സഹായവും നൽകുന്നതാണ്. |
| (സി) അവർ ഉല്പാദിപ്പിക്കുന്ന ചകിരി സംഭരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; | (സി) ഇവർ ഉൽപ്പാദിപ്പിക്കുന്ന ചകിരി 23/- രൂപ നിരക്കിൽ കയർഫെഡ് സംഭരിക്കുന്നതാണ്. അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് വകുപ്പ്തല സഹായം നൽകുന്നതാണ്. |
| ഡി) ചെറുകിട കയർ ഉല്പാദകർ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് വിലക്കിഴിവ് അനുവദിക്കുന്നതിനും അവയുടെ വിപണനത്തിനും എന്തൊക്കെ സഹായമാണ് നൽകുന്നത് എന്നറിയിക്കാമോ? | ഡി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവരുന്നതുമായ സ്ഥിതി 2016-17 നു ശേഷം അവസാനിച്ചു.<br>എംജിഎൻആർഇജിഎസ്-മായി ചേർന്ന് "കയർ കേരള 2017" മേളയിൽ ആരംഭിച്ച കയർ ഭൂവസ്ത്ര |

| | |
|---|---|
| | പരിപാടിയുടെ ഗുണഫലമാണ് ഇത്. ഈ പദ്ധതിയ്ക്ക് സർക്കാർ 13.5% ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനും കയർഫെഡിന് കഴിയുന്നു. |

സെക്ഷൻ ഓഫീസർ